പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1691 — 18-06-2012 -ൽ മറുപടിക്ക്.

## അനധികൃത സ്പിരിറ്റ് കടത്ത്

| ചോദ്യം: | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം അനധികൃത സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) | 43 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | എത്ര ലിറ്റർ സ്പിരിറ്റാണ് ഇതിലൂടെ പിടിച്ചെടുത്തിട്ടുള്ളത്; | (ബി) | 24988.190 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) | അധനികൃത സ്പിരിറ്റുകടത്ത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (സി) | അധനികൃത സ്പിരിറ്റുകടത്ത് തടയുന്നതിനായി, ചെറുതും വലുതുമായ എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലും ജീവനക്കാരെ നിയമിച്ച്, ചെറുവാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ കർശന പരിശോധനയ്ക്ക് വിധേയമാക്കിയും, അതിർത്തി പ്രദേശങ്ങളിൽ 24 മണിക്കൂറും പ്രവർത്തന സജ്ജമായ ബോർഡർ പട്രോൾ ടീമിനെ ഏർപ്പെടുത്തിയുള്ള പരിശോധനയും, രാത്രികാല വാഹന പരിശോധനയും നടത്തി വരുന്നു. രഹസ്യ വിവരങ്ങളിൽ അടിയന്തിര നടപടികൾ എടുക്കുന്നതിനായി, 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് യൂണിറ്റുകൾ സജ്ജമാക്കിയിട്ടുണ്ട്. ഉത്സവ കാലങ്ങളിൽ, എക്സൈസ്, പോലീസ്, റവന്യൂ, ഫോറസ്റ്റ് എന്നീ വകുപ്പുകളെ യോജിപ്പിച്ചുകൊണ്ട് വ്യാപകമായ റെയ്ഡുകൾ നടത്തുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി, പുതിയ വാഹനങ്ങൾ, ആയുധങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി എക്സൈസ് സേനയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ